പുതുക്കിയ മറുപടി

**പതിനഞ്ചാം കേരള നിയമസഭ**

**മൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *529** **09/11/2021 -ലെ മറുപടിക്ക്**

## മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ . ഷാഫി പറമ്പിൽ**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ . സണ്ണി ജോസഫ്**<br>**ശ്രീ. സി ആർ മഹേഷ്** | **റോഷി അഗസ്റ്റിൻ**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തുണ്ടാകുന്ന പ്രളയ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ 126 വർഷം പഴക്കമുള്ള മുല്ല പ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച ആശങ്ക കേന്ദ്ര സർക്കാരിനെയും സുപ്രീം കോടതിയെയും ബോധ്യ പ്പെടുത്തി പരിഹാരമാർഗ്ഗം തേടാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ; | എ) & ബി) | മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രമേയങ്ങൾക്ക് അനുസൃതമായ നിലപാടാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയ ഡാം പണികഴിപ്പിക്ക ണമെന്ന കേരളത്തിന്റെ വ്യക്തമായ നിലപാട് ബഹു.സുപ്രീം കോടതിയെ അറിയിച്ചിട്ടുമുണ്ട്. 2021 ഒക്ടോബർ 18 ന് ജലനിരപ്പ് 133.45 അടിയായി ഉയർന്നപ്പോൾ സംസ്ഥാന ചീഫ് സെക്രട്ടറി ഈ വിഷയം തമിഴ്നാട് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുക യുണ്ടായി. കേന്ദ്രജലവിഭവ വകുപ്പ് സെക്രട്ടറിക്ക് ഒക്ടോബർ 23-ാം തീയതി സംസ്ഥാന ചീഫ് സെക്രട്ടറി കത്തയയ്ക്കുക യുണ്ടായി. പ്രസ്തുത കത്തിൽ തമിഴ്നാട് പരമാവധി ജലം വൈഗൈ ഡാമിലേക്ക് കൊണ്ടുപോകണം എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.<br>സുപ്രീംകോടതി വിധിപ്രകാരമുള്ള ജലനിരപ്പ് നിലനിർത്തുകയും അധിക ജലം ക്രമാനുഗതമായി കേരളത്തെ |
| ബി) | ഇതിനായി എന്തൊക്കെ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിയി രിക്കുന്നത്; വ്യക്തമാക്കാമോ; | | |

അറിയിച്ചശേഷം മാത്രം തുറന്നു വിടാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് പുറമെ ഒക്ടോബർ 18 ന് തന്നെ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദമായ കത്ത് മുല്ലപ്പെരിയാർ മേൽനോട്ടസമിതി ചെയർമാനും കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറിക്കും, തമിഴ്നാട് ചീഫ് സെക്രട്ടറി, തമിഴ്നാട് പൊതു മരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർക്കും നൽകിയിട്ടുണ്ട്. അതിനു ശേഷം ഒക്ടോബർ 24 ന് കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും (അനുബന്ധം-I ആയി ചേർക്കുന്നു), തമിഴ്നാട് മുഖ്യമന്ത്രി മറുപടിയായി (അനുബന്ധം - II) രണ്ടു സംസ്ഥാനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുമെന്നും ഉറപ്പ് നൽകിയിട്ടുണ്ട്.

ബഹു. സുപ്രീം കോടതി മുമ്പാകെ കേരളം ഫയൽ ചെയ്ത നോട്ടുകളിൽ തമിഴ്നാട് വൈഗൈ ഡാമിലേക്ക് പരമാവധി ശേഷി ജലം (2735 Cusecs) കൊണ്ടു പോകണമെന്ന് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിന്നും 142 അടിയായി ഉയർന്നാലുള്ള അപകടസാധ്യത കേരളം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 136 അടിക്ക് മുകളിൽ ഉയരുന്ന ഓരോ ജലനിരപ്പും ഡാമിന് നൽകുന്ന മർദ്ദം ക്രമാനുഗതമായ ഒന്നല്ല എന്ന വസ്തുതയും കേരളം ബഹു. സുപ്രീം കോടതി മുമ്പാകെ വ്യക്തമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ മേൽനോട്ട സമിതി മുമ്പാകെ തമിഴ്നാട് സർക്കാർ സമർപ്പിച്ച റൂൾ കർവിനെ പറ്റിയുള്ള വിയോജിപ്പും കേരളം ബഹു. സുപ്രീം കോടതി മുമ്പാകെ വ്യക്തമാക്കിയിട്ടുണ്ട്.

ഒക്ടോബർ 2021 ന് തുലാവർഷത്തിന് മുമ്പ് ലഭിച്ച അതിതീവ്ര മഴ കാരണം ഒക്ടോബർ 29 മുതൽ മുല്ലപ്പെരിയാർ

ഡാമിന്റെ ഷട്ടറുകൾ ഉയർത്തി അധിക ജലം ഒഴുക്കി വിടേണ്ടി വന്നിട്ടുണ്ട്. വ്യക്തമായ മുന്നറിയിപ്പോടു കൂടി നിയന്ത്രിത അളവിലാണ് അധിക ജലം ഒഴുക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാർ സ്വീകരിച്ച മുൻകരുതൽ നടപടികൾ കാരണമാണ് ഇത് സാധ്യമായത്.

29-10-2021 മുതൽ പുറത്തേക്ക് ഒഴുക്കിയ ജലത്തിന്റെ അളവ് ഇപ്രകാരമാണ്.

| തീയതി | ഒഴുക്കി വിട്ട ജലത്തിന്റെ അളവ് (Cusecs Per Second) |
|---|---|
| 29/10/21 | രാവിലെ 7.30 ന് 538 ക്യൂസെക്സ് അളവിലും രാത്രി 9 മണിക്ക് 823 ക്യൂസെക്സ് അളവിലും അധിക ജലം പുറത്തേക്ക് ഒഴുക്കി. |
| 30/10/21 | രാവിലെ 11 മണിക്ക് 1675 ക്യൂസെക്സ് അളവിലും വൈകിട്ട് 4 മണിക്ക് 2974 ക്യൂസെക്സ് അളവിലും അധിക ജലം പുറത്തേക്ക് ഒഴുക്കി. |
| 31/10/21 മുതൽ 02/11/21 വരെ | 1014 ക്യൂസെക്സ് വീതം അധിക ജലം പുറത്തേക്ക് ഒഴുക്കി. |

സി) നിലവിലുള്ള അണക്കെട്ടിന് പകരം 366 അടി താഴെയായി പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതു സംബന്ധിച്ച് സുപ്രീം കോടതിയുടെ നിലപാട് അറിയിക്കുമോ?

സി) ബഹു. സുപ്രീം കോടതിയുടെ അസ്സൽ അന്യായം 03/2006-മേൽ 07/05/2014-ലെ വിധിന്യായപ്രകാരം മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ, കേരളത്തിലെ ജനങ്ങളുടെ ജീവനും, സ്വത്തിനും, സംരക്ഷണം നൽകുന്നതിനായി സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച കേരളത്തിന്റെ നിലപാട് ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്.

മുല്ലപ്പെരിയാർ പ്രശ്നത്തിൽ തമിഴ്നാട് ഫയൽ ചെയ്ത അസ്സൽ അന്യായം 3/2006 കേസ്സിൽ 07/05/2014 ന് ബഹു. സുപ്രീംകോടതി വിധി കൽപിക്കുകയുണ്ടായി. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിച്ചു നൽകാൻ തയ്യാറാകണമെന്ന കേരളത്തിന്റെ ആവശ്യം ബഹു. സുപ്രീം കോടതി പരിഗണിക്കുകയും ചെയ്തു. പ്രസ്തുത വിധിയിൽ പുതിയ ഡാം നിർമ്മിക്കുന്നതിനായി ഇരു സംസ്ഥാനങ്ങളുടെ സമ്മതം ആവശ്യമാണെന്നും പുതിയ ഡാം നിർമ്മിക്കാം എന്ന കേരളത്തിന്റെ ആവശ്യം തമിഴ്നാടിനു മേൽ അടിച്ചേൽപ്പിക്കാനാവില്ല, എന്നും ബഹു. കോടതി നിരീക്ഷിച്ചു. അപ്രകാരം പുതിയ ഡാം നിർമ്മിക്കുന്നതിന് തമിഴ്നാടിന്റെ സമ്മതം നേടിയെടുക്കുന്നതിന്റെ ആദ്യ നടപടി എന്ന നിലയിൽ കേന്ദ്ര വനം വകുപ്പിന്റെ അനുമതിയോടു കൂടി പരിസ്ഥിതി ആഘാത പഠനം പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

GOVERNMENT OF KERALA

**Pinarayi Vijayan**

**CHIEF MINISTER**

D.O. No. ISWC1/16360/2014/WRD/CM, Dated 24.10.2021

**Dear Shri. Stalin ji,**

Greetings from the Government of Kerala.

I am very hopeful that the historic ties between our States and the cordial relationship between our people will be further strengthened under your leadership.

I am writing this to bring to your notice the recent floods that ravaged the State of Kerala from 16.10.2021 causing heavy floods and damage to the life and property of people across our State. Many parts of the State experienced severe landslides and heavy flooding resulting in many deaths in the districts of Kottayam and Idukki.

In view of the heavy rainfall in the catchment area of Mullaperiyar Dam when the water level was at 133.45ft on 18.10.2021, the Chief Secretary to Government of Kerala and the Additional Chief Secretary, Water Resource Department had addressed their respective counterparts of your State to ensure the safety & security of the people living in the downstream of Mullaperiyar Dam.

On 19.10.2021, when the Idukki reservoir had reached the FRL, 3 shutters of the Cheruthoni dam of the Idukki reservoir were opened, after the water level had crossed the red alert level. Prior to the opening of the Cheruthoni Dam, water from the Idamalayar dam was also released at 6.00 am on 19.10.2021.

The current inflow to Mulla Periyar dam is 2109 c/s and the discharge level is 1750 c/s as on 20.10.2021 at 4.00PM. At present there is a net inflow

141, 3rd Floor, North Block
Government Secretariat
Thiruvananthapuram Pin 695001

T 0471 2333241, 2333812, 2333610 F 0471 2333489
E chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
**www.keralacm.gov.in**

Residence
Cliff House
T 0471 2318406, 2314853

of around 2109 cusecs accumulating in the reservoir even after the diversion from Tamil Nadu side. With the current inflow it is feared that the reservoir level may reach 142 ft once the torrential rain intensifies. Hence, there would arise an urgent need for the gradual release of water from Mulla Periyar Dam through the tunnel to Tamil Nadu.

I urge your timely intervention in the matter and request you to give immediate directions to the authorities concerned in the State to ensure that maximum quantity of water is drawn from Mulla Periyar Dam through the tunnel to Vaigai Dam and to gradually release the water downstream. I also request that arrangements may be made to intimate Government of Kerala about the opening the shutters at least 24 hours in advance to help us to take precautionary measures for ensuring the safety of the people living downstream of the dam.

I request your kind and positive response for ensuring the safety to lives of our people.

With regards,

Yours sincerely,

**Pinarayi Vijayan**

**Shri. M.K. Stalin**
Hon'ble Chief Minister of Tamil Nadu
Secretariat, Chennai 600 009.

ഒന്നാമത് - II



**M.K. STALIN**
CHIEF MINISTER OF TAMIL NADU

SECRETARIAT
CHENNAI - 600 009.

**D.O LETTER NO.3167/CMO/2021, DATED: 27-10-2021**

**Dear Thiru Pinarayi Vijayan Avargal,**

**Vanakkam.**

I greatly appreciate and wish to reciprocate the sentiments expressed by you in your letter dated 24.10.2021, that the historic ties and cordial relationship between the people of our states need to be strengthened further.

The Government of Tamil Nadu and our people are very concerned about the floods and the resultant damages suffered by Kerala and its people in the last 10 days. I wish to assure you that we will stand with you during these difficult times and would extend any help that is needed for alleviating the sufferings of the people. In this regard, I have already instructed the Collectors of the border districts of our state to extend all help and ensure the supply of all items needed for flood relief.

With reference to Mullai Periyar Dam, we are monitoring the water level closely and the officials from our side are in constant touch with your team. The water level as on today (27.10.2021) at 9.00 am is 137.60 feet, with an inflow of 2300 cusecs. We are already drawing the maximum quantity of water through the tunnel in Vaigai dam, as requested in your letter. Currently 2300 cusecs of water is being drawn through the tunnel to Vaigai basin since 8.00am today (27.10.2021). The current water level is well within the storage level permitted by the Hon'ble Supreme Court in its judgement and is also compliant with the upper rule levels approved by the CWC.

I have discussed the above position with the concerned officials and have directed them to continue to closely monitor the water levels and regulate the outflow accordingly. In addition, I have specifically asked them to share in advance, all the necessary information on water position and release, if any, so that your government can initiate such precautionary measures needed before the release of water.

I once again wish to assure you that my government will ensure that the interests of both states and our people are well safeguarded.

**With Regards,**

Yours sincerely,

**(M.K. STALIN)**

To,

**Thiru. Pinarayi Vijayan,**
Hon'ble Chief Minister of Kerala,
Tiruvananthapuram.